**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3735** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പഠന സഹായത്തിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പഠന സഹായത്തിനായി 12,709,688,733/- രൂപ ചെലവഴിച്ചു. |
| (ബി) | ഇത്രയും തുക ചെലവാക്കിയിട്ടും രണ്ട് ലക്ഷത്തോളം കുട്ടികൾ ഓൺലൈൻ ക്ലാസ്സുകൾക്ക് പുറത്താണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ റിപ്പോർട്ട് പ്രകാരം ഒന്നാം ക്ലാസ്സ് മുതൽ ബിരുദ ബിരുദാനന്തരം വരെയുള്ള കോഴ്സുകളിൽ പഠിക്കുന്ന 39095 വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ലഭ്യമാക്കുന്നതിനുള്ള ഡിജിറ്റൽ ഡിവൈസ് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊള്ളും; വെളിപ്പെടുത്തുമോ? | (സി) | ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ് ലെറ്റും ബിരുദം, ബിരുദാനന്തരം ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ